No.CEE/200/5LL.B-2020/TA2

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

# പത്രക്കുറിപ്പ്

## ത്രിവത്സര എൽ.എൽ.ബി/കെ.മാറ്റ്/പഞ്ചവത്സര എൽ.എൽ.ബി കോഴ്സ് 2020–21 ഓൺലൈൻ പ്രവേശന പരീക്ഷ

## പുതുക്കിയ അഡ്മിറ്റ് കാർഡുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്

**2020-21** അദ്ധ്യയന വർഷത്തെ ത്രിവത്സര എൽ.എൽ.ബി/കെ.മാറ്റ്/പഞ്ചവത്സര എൽ.എൽ.ബി പ്രവേശന പരീക്ഷകളുടെ അഡ്മിറ്റ് കാർഡുകൾ **06.06.2020** മുതൽ **12.06.2020** വരെ ഡൗൺ ലോഡ് ചെയ്തെടുക്കാൻ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ കോവിഡ് –19 ന്റെ പ്രത്യേക സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പരീക്ഷാ കേന്ദ്രങ്ങൾ അനുവദിച്ച് കൊണ്ട് വിദ്യാർത്ഥികൾക്ക് ജില്ലകൾ തെരഞ്ഞെടുക്കാൻ അവസരം നൽകി അഡ്മിറ്റ് കാർഡ് ലഭ്യമാക്കിയെങ്കിലും വിദ്യാർത്ഥികൾക്ക് അതത് ജില്ലകളിൽ പരീക്ഷാകേന്ദ്രം ലഭിക്കാത്ത സാഹചര്യമുണ്ടായി. ഈ വിഷയം കണക്കിലെടുത്ത്, വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം അത്തരം ജില്ലകളിൽ കൂടുതൽ പരീക്ഷാകേന്ദ്രങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ ജൂൺ **20,21,22** തീയതികളിൽ നടക്കുന്ന ഓൺലൈൻ പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ച് ഇതിനകം അഡ്മിറ്റ് കാർഡുകൾ ഡൗൺ ലോഡ് ചെയ്തവർ ഉൾപ്പെടെ എല്ലാ വിദ്യാർത്ഥികളും ഒരിക്കൽകൂടി വെബ്സൈറ്റിലെ അവരവരുടെ **'Candidate Portal'** ലോഗിൻ ചെയ്ത് ആപ്ലിക്കേഷൻ നമ്പറും പാസ്‌വേഡും നൽകി **'Admit Card'** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് പുതുക്കിയ അഡ്മിറ്റ് കാർഡ് **14/06/2020** ഉച്ചയ്ക്ക് **12** മണിക്ക് മുമ്പ് ഡൗൺ ലോഡ് ചെയ്തെടുക്കേണ്ടതാണ്. പുതുക്കിയ അഡ്മിറ്റ് കാർഡുമായിട്ടാണ് പരീക്ഷാകേന്ദ്രത്തിൽ ഹാജരാകേണ്ടത്.

ആപ്ലിക്കേഷൻ നമ്പർ മറന്നുപോയ അപേക്ഷകർ **'Forgot Application Number'** എന്ന ലിങ്ക് വഴി ആപ്ലിക്കേഷൻ നമ്പർ കണ്ടുപിടിക്കാവുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പർ : **0471 - 2525300**

പ്രവേശന പരീക്ഷാകമ്മീഷണർ

തിരുവനന്തപുരം,
**11.06.2020**